EA6

29 FEB 2020

"ഭരണഭാഷ- മാതൃഭാഷ"

15677

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - ഡോ.ശ്രീന ശ്രീകുമാർ റ്റി., ജൂനിയർ കൺസൾട്ടന്റ്, താലൂക്ക് ആശുപത്രി, പേരാവൂർ, കണ്ണൂർ - കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അന്യത്ര സേവനം ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

**സ.ഉ.(സാധാ) നം.416/2020/ആ.കു.വ** തീയതി,തിരുവനന്തപുരം, 27/02/2020

---

പരാമർശം:- 1) സ.ഉ (സാധാ.)നം. 593/2016/ആ.കു.വ. തീയതി 22.02.2016.

2) സ.ഉ (സാധാ.)നം. 466/2017/ആ.കു.വ. തീയതി 23.02.2017.

3) സ.ഉ (സാധാ.)നം. 472/2018/ആ.കു.വ. തീയതി 08.02.2018.

4) സ.ഉ (സാധാ.)നം. 251/2019/ആ.കു.വ തീയതി 02.02.2019.

5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.12.2019-ലെ ഇ.എ6-99791/2019/ആ.വ.ഡ. നമ്പർ നിരാക്ഷേപ പത്രം.

6) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 11.01.2020-ലെ എഫ്1/4523/2019/മെ.വി.വ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിൽ കണ്ണൂർ പേരാവൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റായ ഡോ.ശ്രീന ശ്രീകുമാർ റ്റി-യ്ക്ക് കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അനുവദിച്ചിട്ടുള്ള അന്യത്ര സേവനം, 02.03.2020 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച നൽകണമെന്ന് പരാമർശം (6) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൽ കണ്ണൂർ പേരാവൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റും, കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ പ്രവർത്തിച്ചു വരുന്നതുമായ ഡോ.ശ്രീന ശ്രീകുമാർ റ്റി-യ്ക്ക്, പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള

അന്യത്രസേവനം, നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ ഭാഗം-1, ചട്ടം 140(സി)യിലെ നിബന്ധനകൾക്കും വിധേയമായി 02.03.2020 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അനുവദിക്കപ്പെട്ട കാലയളവിനുശേഷവും അന്യത്ര സേവനത്തിൽ തുടരുന്നത് കെ.എസ്സ്.ആർ. ഭാഗം-1, ചട്ടം 140(സി) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ചു നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ, അന്യത്ര സേവന കാലയളവ് അവസാനിച്ചു കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. അനുവദിച്ചിട്ടുള്ള അന്യത്ര സേവനകാലം അവസാനിക്കുമ്പോൾ ഡോ.ശ്രീന ശ്രീകുമാർ റ്റി-യെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മനോ.ബി

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.ശ്രീനാ ശ്രീകുമാർ റ്റി., ജൂനിയർ കൺസൾട്ടന്റ്, താലൂക്ക് ആശുപത്രി,
പേരാവൂർ, കണ്ണൂർ. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം.)
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം.
സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പേരാവൂർ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**മേലെഴുത്ത് നം: ഇ.എ6- 99791/2019/ആ.വ.ഡ തീയതി 19.03.2020**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി.